ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 30-05-2026 | പ്രധാന വാർത്തകൾ | TIME : 07.25 PM

1. ഒരു ദിവസത്തെ കേരള സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ നാളെ കോട്ടയത്തെത്തും.

   **Vice President CP Radhakrishnan arrives in Kottayam tomorrow for a one-day Kerala visit.**

2. സാഹചര്യം ആവശ്യപ്പെടുകയാണെങ്കിൽ ഓപ്പറേഷൻ സിന്ദൂർ 2.0 ക്ക് ഇന്ത്യൻ സൈന്യം സജ്ജമാണെന്ന് കരസേന മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി.

   **Indian Army stays ready for Operation Sindoor 2.0 if situation demands, says Army Chief General Upendra Dwivedi.**

3. പൊതുജനങ്ങൾക്ക് ഏത് വിധ പരാതികളും ലളിതമായി രജിസ്റ്റർ ചെയ്യാനായി തയ്യാറാക്കിയ 'സമാധാൻ ദീദി' എന്ന നിർമ്മിത ബുദ്ധി വോയ്സ് ചാറ്റ്ബോട്ട് കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് ഉദ്ഘാടനം ചെയ്തു.

   **Union Minister Jitendra Singh launches 'Samadhan Didi', an AI voice chatbot for easy public grievance registration.**

4. ഇന്ത്യയിലെ തിരഞ്ഞെടുപ്പുകൾ ഭരണഘടനാപരവും സുതാര്യവുമെന്ന് മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ.

   **Elections in India remain constitutional and transparent, says Chief Election Commissioner.**

5. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ രാവിലെ 11 മണിക്ക്.

**Prime Minister Narendra Modi's monthly radio program 'Mann Ki Baat' broadcasts tomorrow at 11 AM.**

6. ഇന്ത്യ-ഇംഗ്ലണ്ട് വനിതാ ടി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ബ്രിസ്റ്റോളിൽ പുരോഗമിക്കുന്നു. ഐ.പി.എൽ ക്രിക്കറ്റ് ഫൈനൽ പോരാട്ടം നാളെ..

**Second match of India-England Women's T20 cricket series progresses in Bristol; IPL cricket final takes place tomorrow.**

************************************

## VP-KERALAM VISIT

ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ ഒരു ദിവസത്തെ സന്ദർശനത്തിനായി നാളെ കേരളത്തിലെത്തും. കോട്ടയത്ത് നടക്കുന്ന 'ദീപിക' മലയാള ദിനപത്രത്തിന്റെ 140-ാം സ്ഥാപക വാർഷികാഘോഷങ്ങൾ അദ്ദേഹം ഉദ്ഘാടനം ചെയ്യും. തുടർന്ന് കണ്ണൂരിൽ രാജ്യസഭാ എം.പി, സി. സദാനന്ദൻ മാസ്റ്റർ സംഘടിപ്പിക്കുന്ന ചടങ്ങിലും അദ്ദേഹം പങ്കെടുക്കും. ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് സംസ്ഥാനത്ത് വിപുലമായ സുരക്ഷാ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

****************************

## UPENDRA DIWEDI - SINDHOOR 2.0 (INTRO)

ഇന്ത്യൻ സായുധ സേന അതീവ ജാഗ്രതയിലാണെന്നും കൂടുതൽ സൈനിക നടപടി ആവശ്യമാണെങ്കിൽ ഓപ്പറേഷൻ സിന്ദൂർ 2.0 ക്ക് തയ്യാറാണെന്നും കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി. പൂനെയിലെ നാഷണൽ ഡിഫൻസ്

അക്കാദമിയിൽ നടന്ന 150-ാമത് പാസിംഗ് ഔട്ട് പരേഡിൽ സംസാരിക്കവേയാണ് ജനറൽ ദ്വിവേദി ഇക്കാര്യം പറഞ്ഞത്. പ്രകോപനങ്ങളോട് കൃത്യതയോടും ദൃഢതയോടും പ്രതികരിക്കാനുള്ള രാജ്യത്തിന്റെ ശേഷി ഓപ്പറേഷൻ സിന്ദൂർ പ്രകടമാക്കിയെന്നും ഉയർന്നുവരുന്ന സുരക്ഷാ വെല്ലുവിളികളോടുള്ള രാജ്യത്തിന്റെ പ്രതികരണത്തിന് ഒരു മാനദണ്ഡം സൃഷ്ടിച്ചുവെന്നും സായുധ സേനകളുടെ സമന്വയത്തിന്റെ പ്രാധാന്യം അടിവരയിട്ടതായും ജനറൽ ദ്വിവേദി പറഞ്ഞു.

(ഹോൾഡ് വോയിസ്)

****************************

## VAISHNAW-NOIDA

കേന്ദ്ര ഇലക്ട്രോണിക്സ്-ഐടി മന്ത്രി അശ്വിനി വൈഷ്ണവ് ഗ്രേറ്റർ നോയിഡയിലെ സൂരജ്പൂരിലുള്ള LOHUM സ്റ്റാർട്ട് അപ്പ് കമ്പനി സന്ദർശിച്ചു. സുസ്ഥിരമായ നിർണായക ധാതുക്കളും ആധുനിക സാമഗ്രികളും ഉത്പാദിപ്പിക്കുന്ന സ്ഥാപനമാണിത്. ആധുനിക സാങ്കേതികവിദ്യകളിൽ സുപ്രധാനമായ ലിഥിയം ബാറ്ററികളും പെർമനന്റ് മാഗ്നറ്റുകളും ഇന്ത്യയിൽ തന്നെ നിർമിക്കണമെന്നും അതിന്റെ സാങ്കേതികവിദ്യ ഇവിടെത്തന്നെ വികസിപ്പിക്കണമെന്നുമാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കാഴ്ചപ്പാടെന്ന് മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

****************************

## MYANMAR PREZ-VISIT

അഞ്ച് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ മ്യാൻമർ പ്രസിഡന്റ് യു മിൻ ഓങ് ലെയ്ങ് ന്യൂഡൽഹിയിലെത്തി. ഡൽഹിയിലെത്തുന്നതിന് മുൻപ് ബീഹാറിലെ ഗയ സന്ദർശിച്ച അദ്ദേഹം മഹാബോധി

ക്ഷേത്രത്തിൽ പ്രാർത്ഥന നടത്തി. തിങ്കളാഴ്ച പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി നടത്തുന്ന കൂടിക്കാഴ്ചയിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള ചരിത്രപരവും സാംസ്കാരികവുമായ ബന്ധം കൂടുതൽ ശക്തമാക്കുന്നതിനെക്കുറിച്ച് ഇരുനേതാക്കളും ചർച്ച നടത്തും. തുടർന്ന് ബിസിനസ് ഫോറത്തിലും പങ്കെടുക്കുന്ന അദ്ദേഹം, ചൊവ്വാഴ്ച വ്യവസായ പ്രമുഖരുമായുള്ള കൂടിക്കാഴ്ചകൾക്കായി മുംബൈയിലേക്ക് തിരിക്കും.

****************************

## JOSHI - CCPA

തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നൽകിയ സ്വകാര്യ കോച്ചിംഗ് സെന്ററിന് കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി ഏഴ് ലക്ഷം രൂപ പിഴ ചുമത്തിയതായി കേന്ദ്രമന്ത്രി പ്രഹ്ലാദ് ജോഷി അറിയിച്ചു. 2023-ലെ യു.പി.എസ്.സി സിവിൽ സർവീസ് പരീക്ഷാ ഫലവുമായി ബന്ധപ്പെട്ട് തെറ്റായ വിവരങ്ങൾ നൽകിയതിനാണ് ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിച്ചത്. ഇതുവരെ വിവിധ കോച്ചിംഗ് സ്ഥാപനങ്ങളിൽ നിന്ന് ഒരുകോടി നാൽപ്പത്തിയാറ് ലക്ഷത്തിലധികം രൂപ പിഴയായി ഈടാക്കിയിട്ടുണ്ടെന്നും കേന്ദ്ര മന്ത്രി അറിയിച്ചു.

****************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' നാളെ രാവിലെ 11 മണിക്ക്. ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ ശൃംഖലകളിലൂടെയും മൻ കി ബാത്ത് തത്സമയം ലഭ്യമാകും. തുടർന്ന് പ്രാദേശിക ഭാഷകളിലെ പരിഭാഷയുമുണ്ടാകും.

****************************

## JITENDRA SINGH- SAMADHAN DIDI

പൊതുജനങ്ങൾക്ക് ലളിതമായി പരാതികൾ രജിസ്റ്റർ ചെയ്യാനായി 'സമാധാൻ ദീദി' എന്ന നിർമ്മിത ബുദ്ധി വോയ്‌സ് ചാറ്റ്ബോട്ട് കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് ഉദ്ഘാടനം ചെയ്തു. കേന്ദ്ര പൊതുജന പരാതി പരിഹാര പോർട്ടലായ CPGRAMS-ന് വേണ്ടിയാണ് ഇത് വികസിപ്പിച്ചിരിക്കുന്നത്. മലയാളം ഉൾപ്പെടെ ഭരണഘടനയുടെ എട്ടാം പട്ടികയിലുള്ള 22 ഇന്ത്യൻ ഭാഷകളിലും സമാധാൻ ദീദിയിലൂടെ സംസാരിച്ചോ ടെക്സ്റ്റ് വഴിയോ പരാതികൾ നൽകാം. പരാതികൾ ബന്ധപ്പെട്ട മന്ത്രാലയങ്ങൾക്കോ വകുപ്പുകൾക്കോ സ്വയം തരംതിരിച്ച് നൽകാൻ ഈ എ ഐ സംവിധാനത്തിന് കഴിയും.

****************************

## DRI KERALA OPERATIONS

കേരളത്തിൽ ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ് നടത്തിയ 'ഓപ്പറേഷൻ ചക്രവ്യൂഹം' റെയ്ഡിൽ 24 കിലോഗ്രാമിലധികം മയക്കുമരുന്ന് പിടികൂടി. കൊച്ചി, മലപ്പുറം, തിരുവനന്തപുരം എന്നിവിടങ്ങളിൽ നിന്നായി മെത്തക്വലോൺ, മെതാംഫെറ്റാമൈൻ, ഹാഷിഷ് ഓയിൽ എന്നിവയാണ് പിടിച്ചെടുത്തത്. ലഹരിക്കടത്ത് സംഘത്തിലെ പ്രധാനികളായ അഞ്ച് പേരെ അറസ്റ്റ് ചെയ്തു.

****************************

## PRE-MONSOON CLEANING

അപ്രതീക്ഷിത കാലാവസ്ഥാ വ്യതിയാനങ്ങളും ദുരന്തസാധ്യതകളും കണക്കിലെടുത്ത് കാലവർഷത്തിന് മുന്നോടിയായുള്ള പ്രവൃത്തികൾ എല്ലാ വകുപ്പുകളും അടിയന്തരമായി പൂർത്തിയാക്കണമെന്ന് മുഖ്യമന്ത്രി വി.ഡി.

സതീശൻ. കാലവർഷ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി തിരുവനന്തപുരത്ത് ചേർന്ന ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രസിദ്ധീകരിച്ച ഓറഞ്ച് ബുക്കിലെ നിർദേശങ്ങൾ എല്ലാ വകുപ്പുകളും കൃത്യമായി പാലിക്കണമെന്നും അദ്ദേഹം പറഞ്ഞു.

****************************

## KERALA MONSOON

കേരളത്തിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴ തുടരുന്നു. ഇന്ന് തിരുവനന്തപുരം ജില്ലയിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ഏഴ് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. അടുത്ത അഞ്ചു ദിവസങ്ങൾക്കുള്ളിൽ കേരളത്തിലെയും തമിഴ്നാട്ടിലെയും ചില ഭാഗങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷമെത്തുന്നതിന് അനുകൂല സാഹചര്യമാണെന്ന് കാലാവസ്ഥ കേന്ദ്രം അറിയിച്ചു. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരളം, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

****************************

## CEC-CONFERENCE (INTRO)

ഇന്ത്യയിൽ തിരഞ്ഞെടുപ്പുകൾ നടത്തുന്നത് ഭരണഘടനയും തിരഞ്ഞെടുപ്പ് നിയമങ്ങളും തിരഞ്ഞെടുപ്പ് കമ്മീഷന്റെ സുതാര്യമായ മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിച്ചുകൊണ്ടാണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. ന്യൂഡൽഹിയിൽ തിരഞ്ഞെടുപ്പ് കമ്മീഷനെ പ്രതിനിധീകരിക്കുന്ന അഭിഭാഷകരുടെ രണ്ടാമത് ദേശീയ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്)

വോട്ടർപട്ടിക മാനേജ്മെന്റ്, വോട്ടെണ്ണൽ നടപടിക്രമങ്ങൾ എന്നിവയിലെ സുതാര്യതയും സുരക്ഷാ സംവിധാനങ്ങളും സമ്മേളനത്തിൽ വിശദീകരിച്ചു. രാജ്യത്തെ തിരഞ്ഞെടുപ്പ് പ്രക്രിയയുടെ വിശ്വാസ്യത നിലനിർത്താൻ സഹായിക്കുന്ന ഘടകങ്ങളും ചർച്ചയായി.

****************************

## WOMENS T-20 CRICKET

ഇന്ത്യ-ഇംഗ്ലണ്ട് വനിതാ ടി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ബ്രിസ്റ്റോളിൽ ആരംഭിച്ചു. ടോസ് നേടിയ ഇംഗ്ലണ്ട് ബാറ്റിങ്ങ് തിരഞ്ഞെടുത്തു. ഒടുവിൽ റിപ്പോർട്ട് ലഭിക്കുമ്പോൾ ഇംഗ്ലണ്ട് 7 ഓവറിൽ 1 വിക്കറ്റ് നഷ്ടത്തിൽ 47 റണ്ണെന്ന നിലയിലാണ്.

****************************

## IPL

ഐ.പി.എൽ ക്രിക്കറ്റ് ഫൈനൽ പോരാട്ടം നാളെ. അഹമ്മദാബാദിൽ നടക്കുന്ന ഫൈനലിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ ഗുജറാത്ത് ടൈറ്റൻസ് നേരിടും.

****************************

## REV. BADMINTON SINGAPORE OPEN

സിംഗപ്പൂർ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ സാത്വിക്സായിരാജ് രങ്കിറെഡ്ഡി - ചിരാഗ് ഷെട്ടി സഖ്യം പുരുഷ ഡബിൾസ് ഫൈനലിൽ പ്രവേശിച്ചു. ഇന്ന് നടന്ന സെമിഫൈനൽ മത്സരത്തിൽ ദക്ഷിണ കൊറിയൻ സഖ്യത്തെ നേരിട്ടുള്ള സെറ്റുകൾക്കാണ് പരാജയപ്പെടുത്തിയത്. അതേസമയം, മിക്സഡ് ഡബിൾസ് സെമിഫൈനലിൽ

ഇന്ത്യയുടെ ധ്രുവ് കപില - തനിഷ ക്രാസ്റ്റോ സഖ്യം ജപ്പാനോട് പരാജയപ്പെട്ടു.

******************************

## TRAWLLING

കേരളത്തിൽ ജൂൺ 9 അർദ്ധരാത്രി മുതൽ ജൂലൈ 31 അർദ്ധരാത്രി വരെ ട്രോളിങ് നിരോധനം ഏർപ്പെടുത്തും. മത്സ്യസമ്പത്ത് സംരക്ഷിക്കുകയും ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും ചെയ്യുന്നതിനായാണ് ട്രോളിംഗ് നിരോധനം തുടരുന്നത്. ട്രോളിംഗ് നിരോധന കാലത്ത് തൊഴിൽ നഷ്ട്ടപ്പെടുന്ന തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകുന്നതിന് സിവിൽ സപ്ലൈസ് വകുപ്പുമായി സഹകരിച്ച് നടപടി സ്വീകരിച്ചു വരുന്നതായി ഫിഷറീസ് വകുപ്പ് അറിയിച്ചു.

******************************

## ED ATTACK - BAIL REJECT

പ്രതിപക്ഷ നേതാവ് പിണറായി വിജയന്റെ തിരുവനന്തപുരത്തെ വീട്ടിൽ റെയ്ഡ് നടത്തി മടങ്ങിയ ഇ ഡി ഉദ്യോഗസ്ഥരെ ആക്രമിച്ച കേസിൽ 5 പ്രതികളുടെ ജാമ്യാപേക്ഷ കോടതി തള്ളി. തിരുവനന്തപുരം ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയുടേതാണ് ഉത്തരവ്.

******************************

## COTTON CUSTOM DUTY EXEMPT

രാജ്യത്തെ പരുത്തി ഇറക്കുമതിക്കുള്ള കസ്റ്റംസ് നികുതി കേന്ദ്ര സർക്കാർ താൽക്കാലികമായി ഒഴിവാക്കി. അടുത്ത മാസം ഒന്നുമുതൽ ഒക്ടോബർ 31 വരെയാണ് ഇളവ് അനുവദിച്ചിരിക്കുന്നത്. പരുത്തി കർഷകരുടെയും ടെക്സ്റ്റൈൽ മേഖലയുടെയും താല്പര്യങ്ങൾ മുൻനിർത്തിയാണ്

തീരുമാനമെന്ന് വസ്ത്ര മന്ത്രാലയം അറിയിച്ചു. പരുത്തിയുടെ വിലക്കയറ്റം തടയാനും ആഭ്യന്തര വിപണിയിൽ സ്ഥിരത ഉറപ്പാക്കാനും ഇതിലൂടെ സാധിക്കുമെന്നും മന്ത്രാലയം വ്യക്തമാക്കി.

*

***********

******************************************